**<u>ഇംഹാൻസിലെ ഓട്ടിസം സെന്ററിൽ ഗ്രൂപ്പ് തെറാപ്പിക്ക് വരുന്ന കുട്ടികൾക്ക് കൊറോണ സമയത്ത് വീട്ടിൽ നിന്നും പരിശീലനം നൽകുന്നതിനുള്ള മാർഗ്ഗരേഖ</u>**

പ്രിയ രക്ഷകർത്താവേ,

കോവിഡ് 19 കാരണം, ഓട്ടിസവും മറ്റു പ്രത്യേക ആവശ്യങ്ങളും ഉള്ള കുട്ടുകളെ അവരുടെ വീടുകളിൽ ഒതുക്കി. പതിവ് പ്രവർത്തനങ്ങളിൽ ഏർപ്പെടാത്തത് കുട്ടികളുടെ പ്രവർത്തനത്തെ ബാധിക്കും. നിങ്ങളുടെ കൂട്ടിയുടെ തെറാപ്പി ഹോം പ്രോഗ്രാമിനായി ഇനിപ്പറയുന്ന മാർഗ്ഗനിർദ്ദശങ്ങൾ ഉപയോഗിക്കാം.

- കുട്ടിയുമായി സംസാരിക്കുന്ന എല്ലാ സമയത്തും കുട്ടികളുടെ മൂഖത്തു നോക്കി സംസാരിക്കാൻ ശ്രമിക്കുക.
- കുട്ടികളിലെ പെരുമാറ്റ പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക. ചെറിയ ചെറിയ പെരുമാറ്റ പ്രശ്നങ്ങൾ ശ്രദ്ധ കൊടുക്കാതെ അവഗണിക്കുക. കുട്ടിയെ കഴിവതും പ്രകോപിപ്പിക്കാതിരിക്കുക.
- ഒരു തെറാപ്പി ഡയറി നിർബന്ധമായും സൂക്ഷിക്കുക. കുട്ടിയുടെ മാറ്റങ്ങൾ അതിൽ നിർബന്ധമായും എഴുതേണ്ടതാണ്. തുടർന്നുള്ള തെറാപ്പി സെഷനുകൾക്ക് ഇത് ഉപയോഗപ്രദമാകും.
- ഒരാഴ്ച ചെയ്യാനുള്ള ഹോം ട്രെയിനിങ് താഴെ കൊടുക്കുന്നു. ഇത് കൃത്യമായി ചെയ്യുകയും ഫോട്ടോസ് / വീഡിയോസ് എടുത്തു ഗ്രൂപ്പിലോ ഇൻഡിവിജ്വൽ ആയോ അയച്ചുതരേണ്ടതാണ്.
- തെറാപ്പി സംബന്ധിച്ച് എന്തെങ്കിലും സംശയമുണ്ടെങ്ങിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം മണി വരെയുള്ള സമയത്തിനിടയിൽ വിളിക്കുക.

**<u>തിങ്കളാഴ്ച്ച ഗ്രൂപ്പ് തെറാപ്പിക്ക് വരുന്ന കുട്ടികൾക്കുള്ള പരിശീലനം (30.03.2020 മുതൽ 06.04.2020 വരെ)</u>**

1. കളിപ്പാട്ടങ്ങൾ തരംതിരിച്ചു വെക്കാൻ പറയുക.
2. ഒരേ നിറത്തിലുള്ള വസ്തുക്കൾ ചേർത്ത് വെപ്പിക്കുക.
3. ആക്ഷൻ സോങ്ങ് പഠിപ്പിക്കുക
4. ചിത്രത്തിൽ (മൃഗങ്ങൾ, പക്ഷികൾ, പഴങ്ങൾ) കാണുന്നവ പറയിപ്പിക്കുക / ചിത്രങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക.
5. ഒരു വൃത്തത്തിനുള്ളിൽ പച്ച നിറം നൽകുക.

ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.

**<u>ചൊവ്വാഴ്ച്ച (രാവിലെ)  ഗ്രൂപ്പ് തെറാപ്പിക്ക് വരുന്ന കുട്ടികൾക്കുള്ള പരിശീലനം (31.03.2020 മുതൽ 07.04.2020 വരെ)</u>**

1. വിരലുകൾ ഉപയോഗിച്ച് നിറം കൊടുക്കുക
2. കളിപ്പാട്ടങ്ങൾ തരംതിരിച്ചു വെക്കാൻ പറയുക
3. ന്യൂസ് പേപ്പറുകൾ കഷ്ണങ്ങൾ ആക്കാൻ പറയുക
4. ആക്ഷൻ സോങ്ങ് പഠിപ്പിക്കുക
5. ചെറിന്ന നിർദ്ദേശങ്ങൾ മനസ്സിലാവുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക (ഉദാഹരണം : ഇവിടെ വാ..., അത് താ....)
6. കുട്ടിയെകൊണ്ട് സ്വന്തമായി ബ്രഷ് ചെയ്യാൻ ശീലിപ്പിക്കുക.

ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.

**<u>ചൊവ്വാഴ്ച്ച (ഉച്ചയ്ക്ക്)  ഗ്രൂപ്പ് തെറാപ്പിക്ക് വരുന്ന കുട്ടികൾക്കുള്ള പരിശീലനം (31.03.2020 മുതൽ 07.04.2020 വരെ)</u>**

1. വീട്ടിലെ ലളിതമായ ജോലികൾ കുട്ടികളെകൊണ്ട് ചെയ്യിപ്പിക്കാതിരിക്കുക (ഉദാ : കുട്ടിയുടെ വസ്ത്രങ്ങൾ മടക്കി വെപ്പിക്കുക).
2. ലളിതമായ കഥകൾ പറഞ്ഞു കൊടുത്തു അവയിൽ നിന്ന് ചോദ്യങ്ങൾ ചോദിക്കുക.
3. ഒരു പാരഗ്രാഫ് / ചിത്രകഥയിൽ നിന്നോ ഒരേ അക്ഷരങ്ങൽ / പദങ്ങൾ / ചിത്രങ്ങൾ കണ്ടെത്തി വട്ടം ഇടാനോ നിറം നൽകാനോ പറയുക.
4. പൊതുവായ വസ്തുക്കളുപയോഗിച്ച് എണ്ണം പഠിപ്പിക്കുക.
5. ലളിതമായ ചിത്രം കാണിച്ച് അതിന്റെ നിറം ചോദിക്കുക / അല്ലാത്തവർക്ക് "പച്ച" നിറം പഠിപ്പിക്കുക.

ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹി പ്പിക്കുക.

## വ്യാഴായ്ച്ച ഗ്രൂപ്പ് തെറാപ്പിക്ക് വരുന്ന കുട്ടികൾക്കുള്ള പരിശീലനം (26.03.2020 മുതൽ 02.04.2020 വരെ)

1. ഏതെങ്കിലും '5' വസ്തുവിന്റെ അല്ലെങ്കിൽ അവയിൽ ചിത്രങ്ങളോ ചൂണ്ടിക്കാണിക്കാൻ പരിശീലിപ്പിക്കുക.
2. ചെറിയ നിർദ്ദേശങ്ങൾ (ഉദാ : ഇവിടെ വാ..., അത് അച്ഛന് കൊടുക്കൂ) കുട്ടികളെ കൊണ്ട് തന്നെ ചെയ്യിപ്പിക്കുക.
3. ഭക്ഷണപദാർത്ഥങ്ങൾ (ഫ്രൂട്സ്, വെജിറ്റബിൾ), കളിപ്പാട്ടങ്ങൾ എന്നിവ വേർതിരിച്ചു വെയ്ക്കാൻ പറയുക.
4. ഒരേ നിറത്തിലുള്ള വസ്തുക്കൾ / മുത്തുകൾ പാത്രത്തിലാക്കി മാറ്റിവെയ്പ്പിക്കുക, ശേഷം ഒരു കളർ പഠിപ്പിക്കുക, (പച്ച)
5. ലളിതമായ ഒരു കഥ ദിവസവും ശീലിപ്പിക്കുക. അതിനായി 'കളിക്കുടുക്ക' അല്ലെങ്കിൽ മറ്റു ചിത്രകഥാ പുസ്തകങ്ങൾ ഉപയോഗിക്കാവുന്നതാണ്. കഥ പറഞ്ഞുകൊടുത്തതിനുശേഷം ലഘുവായ ചോദ്യങ്ങൾ ചോദിക്കാൻ മറക്കരുത്.
6. 3.5 വയസ്സിനു മുകളിൽ പ്രായം ഉള്ള കുട്ടികളുടെ മാതാപിതാക്കൾ കുട്ടികളുടെ അക്ഷര സ്പുടത കൂടി ശ്രദ്ധിക്കേണ്ടതാണ്. തെറ്റായി ഉച്ചരിക്കുന്നവ ബുക്കിൽ കുറിച്ച് വെക്കേണ്ടതാണ്.

ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.

**<u>വെള്ളിയാഴ്ച്ച (രാവിലെ)   ഗ്രൂപ്പ് തെറാപ്പിക്ക് വരുന്ന കുട്ടികൾക്കുള്ള പരിശീലനം (27.03.2020 മുതൽ 03.04.2020 വരെ)</u>**

1. ചെറിയ വസ്തുക്കൾ ഒരു പാത്രത്തിൽ  നിന്നും വായ് വട്ടം കുറഞ്ഞ മറ്റൊരു പാത്രത്തിലേക്ക് മാറ്റിയിടിപ്പിക്കുക.
2. ചൂണ്ടികാണിക്കാൻ പഠിപ്പിക്കുക. (ശരീരഭാഗങ്ങൾ, കുടുംബാംഗങ്ങൾ, ആവശ്യങ്ങൾ, ചിത്രങ്ങൾ
3. ആക്ഷൻസോങ്ങ് പഠിപ്പിക്കുക
4. പച്ചനിറം പഠിപ്പിക്കുക.
5. കുത്തി വരയ്ക്കാൻ പഠിപ്പിക്കുക

ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.

**<u>വെള്ളിയാഴ്ച്ച (ഉച്ചയ്ക്ക്)   ഗ്രൂപ്പ് തെറാപ്പിക്ക് വരുന്ന കുട്ടികൾക്കുള്ള പരിശീലനം (27.03.2020 മുതൽ 03.04.2020 വരെ)</u>**

1. ചെറിയ നിർദ്ദേശങ്ങൾ കുട്ടികളെക്കൊണ്ട് ചെയ്യിപ്പിക്കുക (ഉദാ: ഇവിടെ വാ..., അത് ....)
2. മുത്തുകൾ കോർപ്പിക്കുക (Beading)
3. കളിപ്പാട്ടങ്ങൾ തരംതിരിച്ച് വെക്കാൻ പറയുക
4. ചൂണ്ടികാണിക്കാൻ പഠിപ്പിക്കുക (ശരീരഭാഗങ്ങൾ, കുടുംബാംഗങ്ങൾ, ആവശ്യങ്ങൾ, ചിത്രങ്ങൾ)
5. ആക്ഷൻസോങ്ങ് പഠിപ്പിക്കുക
6. പച്ചനിറം പഠിപ്പിക്കുക.

ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുക.

**<u>ശനിയാഴ്ച്ച ഗ്രൂപ്പ് തെറാപ്പിക്ക് വരുന്ന കുട്ടികൾക്കുള്ള പരിശീലനം (28.03.2020 മുതൽ 04.04.2020 വരെ)</u>**

1. (അ, ആ, ഇ, ...) എന്നീ അക്ഷരങ്ങൾ ചേർന്നുവരുന്ന വാക്കുകൾ കണ്ടുപിടിച്ച് എഴുതുക.
2. (ാ,ി,ീ,ു..) എന്നീ ചിഹ്നങ്ങൾ ചേർന്നുവരുന്ന വാക്കുകൾ കണ്ടുപിടിച്ച് എഴുതുക.
3. (a,e,i,o,u) എന്നീ പദങ്ങൾ വാക്കുകൾ കണ്ടുപിടിച്ച് എഴുതാൻ പ്രോത്സാഹിപ്പിക്കുക.
4. ഓരോ ആഴ്ചയിലും പുതിയ 5 വാക്കുകൾ പഠിപ്പിക്കുന്നത് ശീലമാക്കുക. അവ ഏതൊക്കെയെന്ന് ദിവസവും ബുക്കിൽ കുറിച്ചുവെക്കുക.
5. ലളിതമായ കണക്കുകൾ കുട്ടിയെകൊണ്ട് ചെയ്യിപ്പിക്കുക. (കൂട്ടുക, കുറയ്ക്കുക, ഗുണിക്കുക, ഹരിക്കുക) ഇവയിൽ കുട്ടിയെകൊ ുചെയ്യിപ്പിക്കാൻ പറ്റുന്നവ മാത്രം കൊടുക്കുക.
6. കുട്ടിയെകൊണ്ടു ദിവസവും ഒരു കഥ/ കവിത/ പത്രവാർത്ത ഏതെങ്കിലും ഒന്ന് എഴുതിപ്പിച്ചതിനു ശേഷം അവ വായിപ്പിക്കുകയും ചെയ്യുക.
7. കുട്ടിക്ക് താൽപര്യമുള്ള പ്രവൃത്തികൾ ചെയ്യിപ്പിക്കുക. (ചിത്രം വരയ്ക്കുക, നിറം കൊടുക്കുക)
8. കുട്ടിയുടെ ശ്രദ്ധ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ ദിവസവും ചെയ്യിപ്പിക്കുക. ( [ ], =,..)
9. കുട്ടിയെകൊണ്ട് ആഴ്ചകളുടെയും, മാസങ്ങളുടെയും പേരുകളും എഴുതി പഠിപ്പിക്കുക.
10. അക്കങ്ങൾ പഠിപ്പിക്കുക (1-10, 10-20, 20-30...90-100)
11. കുട്ടിയെകൊണ്ട് (A,B,C,D...) alphabets പഠിപ്പിക്കുക.
12. പാറ്റേണുകൾ വരയ്ക്കാൻ കൊടുക്കാം (/\/\/\, =, joining dots).

ഓരോ പരിശീലനം ചെയ്തതിനു ശേഷവും കുട്ടിയെ നന്നായി പ്രോത്സാഹിപ്പിക്കുകയും കുട്ടി പഠിച്ചു എന്നു ഉറപ്പുവരുത്തിയ ശേഷം മാത്രം അടുത്തത് പഠിപ്പിക്കുക.